"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഊർജ്ജ വകുപ്പ് - പ്രത്യേക നിബന്ധനകൾക്ക് വിധേയമായി 21.08.2026 മുതൽ 31.08.2026 വരെ ഇടുക്കി ചെറുതോണി ഡാമുകൾ സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഊർജ്ജ (സി) വകുപ്പ്

സ.ഉ.(സാധാ) നം.115/2026/POWER തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:-

1. സ.ഉ. (സാധാ) 177/2025/Power തീയതി 29.08.2025.
2. സ.ഉ. (സാധാ) 79/2026/Power തീയതി 26.05.2026
3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 19.08.2026-ലെ DGC/AEE IV/Dam Safety/Idukki Dam/2022 നമ്പർ കത്ത്.

ഉത്തരവ്

ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി നിശ്ചിത നിബന്ധനകളോടെ 31.05.2026 വരെ പ്രവേശനാനുമതി അനുവദിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. തുടർന്ന്, നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത അനുമതി 21.08.2026 മുതൽ 31.08.2026 വരെ നല്കാവുന്നതാണെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓണാവധിക്കാലം പരിഗണിച്ച്, ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി, ബുധനാഴ്ചകളിലും വെള്ളം തുറന്നുവിടേണ്ട ദിവസങ്ങളിലും, ശക്തമായ മഴയുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ (റെഡ്,

ഓറഞ്ച് അലർട്ടുകൾ) നിലനിൽക്കുന്ന അവസരത്തിലും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിനോദ സഞ്ചാരത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ദിവസങ്ങളിലും ഒഴികെ ഡാമിൽ നിലവിൽ നടക്കുന്ന അറ്റകുറ്റപ്പണിക്ക് തടസ്സം വരാത്ത രീതിയിൽ താഴെ പറയുന്ന നിബന്ധനകളോടെ **21.08.2026** മുതൽ **31.08.2026** വരെ വരെയുള്ള കാലയളവിൽ തുറന്നുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡാമിലും പരിസര പ്രദേശങ്ങളിലും മാലിന്യ സംസ്ക്കരണം നടത്തുന്നതിന് മാലിന്യബക്കറ്റുകൾ, മുന്നറിയിപ്പ് ബോർഡുകൾ, ക്ലീനിംഗ് ജീവനക്കാർ എന്നിങ്ങനെയുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക
2. ഡാമുകളുടെ പരിസരത്ത് താൽക്കാലിക മതിയായ ശുചിമുറി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
3. ഡാമിന്റെ പരിസര പ്രദേശങ്ങളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കുന്നത് ഒഴിവാക്കുക.
4. ജൈവമാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഹൈഡൽ ടൂറിസം സെന്റർ ഏർപ്പെടുത്തുക.
5. ഗ്രീൻ പ്രോട്ടോകോൾ ഉറപ്പുവരുത്തുക.
6. ഡാമിന്റേയും പരിസര പ്രദേശങ്ങളുടേയും പൂർണ്ണമായ സുരക്ഷ ഉറപ്പ് വരുത്തേണ്ടത് പ്രസ്തുത സ്ഥലത്ത് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പൂർണ്ണമായ ഉത്തരവാദിത്തമായിരിക്കും. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച ഗൗരവതരമായി കാണുന്നതാണ്.
7. ടൂറിസത്തിന്റെ ഭാഗമായി നിയോഗിക്കുന്ന പോലീസിന്റെ ചെലവ് ഹൈഡൽ ടൂറിസം സെന്റർ വഹിക്കണം.
8. പൊതുജനങ്ങളുടെ സുരക്ഷയുടേയും അണക്കെട്ടുകളുടെയും പരിസരപ്രദേശങ്ങളുടേയും സുരക്ഷയുടെയും ഉത്തരവാദിത്തം ഹൈഡൽ ടൂറിസം വകുപ്പും പോലീസ് വകുപ്പും ഏറ്റെടുക്കേണ്ടതാണ്.
9. പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി ഏതെങ്കിലും ഇൻഷ്വറൻസുകൾ എടുക്കേണ്ടതുണ്ടെങ്കിൽ ആയതിന്റെ ചെലവ് ഹൈഡൽ ടൂറിസം സെന്റർ വഹിക്കേണ്ടതാണ്.
10. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് ബാരിക്കേഡുകളും മറ്റും ഉപയോഗിച്ച് വർക്ക് സൈറ്റുകൾ വേർതിരിച്ച് പ്രവേശനം കർശനമായി നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ ഹൈഡൽ ടൂറിസം സെൻ്റർ സ്വീകരിക്കണം
11. ഉയർന്ന അപകടസാധ്യതയുള്ള മേഖലകളിൽ കെ.എസ്.ഇ.ബി.എൽ./ ഹൈഡൽ ടൂറിസം സെന്റർ പര്യാപ്തമായ ജീവനക്കാരെ നിയോഗിച്ച് സഞ്ചാരികളുടെ നീക്കങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിത മേഖലകളിലേക്കുള്ള പ്രവേശനം തടയുകയും, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതായി ഉറപ്പാക്കുകയും വേണം.
12. ഡ്രൈവർമാർക്കും സഞ്ചാരികൾക്കും നിർബന്ധമായും നെക്ക് ടാഗുകൾ

(Neck Tag) എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡാം സേഫ്റ്റി), വാഴത്തോപ്പ് വഴി അനുവദിക്കണം. സാധുവായ ടാഗ് ഉള്ളവർക്ക് മാത്രമേ പ്രവേശനം അനുവദിക്കാവു.

13. പ്രവേശനവാതിലിലും ടിക്കറ്റ് കൗണ്ടറിലും വിനോദസഞ്ചാരികളുടെ പ്രവേശനം നിയന്ത്രിക്കുന്നതിന് ഹൈഡൽ ടൂറിസം സെന്റർ നിശ്ചിത ആളുകളെ നിയോഗിക്കണം.
14. തിരക്ക് ഒഴിവാക്കുന്നതിനായി ഓരോ സമയത്തേക്കുള്ള (Time Slot) സന്ദർശകരുടെ എണ്ണം കൃത്യമായി നിയന്ത്രിക്കുന്നതിനായി ബുക്കിംഗ് സംവിധാനം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
15. ടൂറിസത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 25% കെ.എസ്.ഇ.ബി. ലിമിറ്റഡുമായി പങ്കിടണം. ഇതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഡയറക്ടറും (ജനറേഷൻ) കെ.എച്ച്.ടി.സി. ഡയറക്ടറും തമ്മിൽ കരാർ ഒപ്പുവെക്കണം.
16. ബഗ്ഗി കാറുകളുടെ പ്രവർത്തനവും അണക്കെട്ടിന് മുകളിലൂടെ നടക്കാൻ അനുവദിക്കുന്ന സന്ദർശകരുടെ എണ്ണവും ഒരു മണിക്കൂറിൽ പരമാവധി 50 പേരായി പരിമിതപ്പെടുത്തണം. മുൻകൂട്ടിയുള്ള ഓൺലൈൻ ബുക്കിംഗ്, ടൈം സ്ലോട്ട് സംവിധാനം എന്നിവയിലൂടെ മാത്രമേ പ്രവേശനം അനുവദിക്കാവൂ. തിരക്ക് ഒഴിവാക്കുന്നതിനായി പ്രവേശനവും പുറത്തുപോകലും കൃത്യമായി നിരീക്ഷിക്കണം.
17. അണക്കെട്ടിന്റെ ഘടനയ്ക്ക് കേടുപാടുകൾ വരുത്തുന്നതും അനധികൃതമായി ആളുകൾ കടന്നുകയറുന്നതും തടയാൻ എൻട്രി പോയിന്റുകൾ, കൺട്രോൾ റൂമുകൾ, ഗേറ്റുകളുടെ പരിപാലന മേഖലകൾ എന്നിവിടങ്ങളിൽ ആവശ്യത്തിന് സുരക്ഷാ ജീവനക്കാരെ നിയോഗിക്കണം.
18. ടൂറിസ്റ്റുകളുടെ സന്ദർശന സമയത്തിലുടനീളം പൊലീസിന്റെ നിരന്തര നിരീക്ഷണം ഉണ്ടായിരിക്കണം. പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും നിയന്ത്രിത മേഖലകളിൽ സുരക്ഷ നിലനിർത്തുന്നതിനും വേണ്ടത്ര പൊലീസ് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കണം.
19. ഡ്രൈവർമാർ ഉൾപ്പെടെയുള്ള എല്ലാ ഹൈഡൽ ജീവനക്കാരും ഡ്യൂട്ടി സമയത്ത് നിർദ്ദിഷ്ട യൂണിഫോമോ ഐഡന്റിഫിക്കേഷൻ വെസ്റ്റോ (Identification vest) ധരിക്കുകയും സാധുവായ ഐഡന്റിറ്റി കാർഡ് കൈവശം വെക്കുകയും വേണം.
20. ടൂറിസ്റ്റുകൾക്കായി പര്യാപ്തമായ പാർക്കിംഗ് സൗകര്യം ഒരുക്കണം. നിശ്ചിത സമയത്തിനുള്ളിൽ ഇത് പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ ജില്ലാ പഞ്ചായത്ത്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് അനുയോജ്യമായ ബദൽ പാർക്കിംഗ് ക്രമീകരണങ്ങൾ ചെയ്യണം. നിശ്ചിത പാർക്കിംഗ് സ്ഥലത്തിനപ്പുറത്തേക്ക് സ്വകാര്യ വാഹനങ്ങൾ അനുവദിക്കില്ല.
21. സന്ദർശന സമയത്തിനുശേഷം എല്ലാ സന്ദർശകരും നിയന്ത്രിത മേഖലകളിൽ നിന്നും ഡാം പരിസരത്തുനിന്നും സുരക്ഷിതമായി മടങ്ങിയെന്ന് ടൂറിസം സുരക്ഷാ ജീവനക്കാർ ഉറപ്പാക്കണം.
22. ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് ബാരിക്കേഡുകൾ, മുന്നറിയിപ്പ് ബോർഡുകൾ, സി.സി.ടി.വി. നിരീക്ഷണം, ആക്സസ്

കൺട്രോൾ സിസ്റ്റം, എമർജൻസി റെസ്പോൺസ് സംവിധാനങ്ങൾ എന്നിവ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കണം.

23. ടിക്കറ്റ് കൗണ്ടറിന് ചുറ്റുമുള്ള സ്ഥലത്ത് തിരക്ക് ഒഴിവാക്കാനും അണക്കെട്ട് സുരക്ഷാ ഉദ്യോഗസ്ഥരുടെയും പൊലീസിന്റെയും അടിയന്തര സേവന വാഹനങ്ങളുടെയും സുഗമമായ സഞ്ചാരം ഉറപ്പാക്കാനും കൃത്യമായ ക്യൂ മാനേജ്മെന്റും താൽക്കാലിക സീറ്റിംഗ് ക്രമീകരണങ്ങളും ഒരുക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAHNA KUMARI S L

അണ്ടർ സെക്രട്ടറി

1)ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, തിരുവനന്തപുരം.

2) ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഇടുക്കി.

3) ജില്ലാ പോലീസ് മേധാവി, ഇടുക്കി.

4) ഡയറക്ടർ, ഹൈഡൽ ടൂറിസം സെന്റർ, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം

6) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

7) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

8)ഡയറക്ടർ (ജനറേഷൻ-സിവിൽ), കെ.എസ്.ഇ.ബി.ലിമിറ്റഡ്, തിരുവനന്തപുരം.

9) വനം വന്യജീവി (ഡി) വകുപ്പ്

10) വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്

11) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ